**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. അനീഷ്.എൻ, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ), താലൂക്ക് ആശുപത്രി ഫോർട്ട്, തിരുവനന്തപുരം -സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: 1. സഉ(കൈ) നം.86/2013/ആ.കു.വ തീയതി 14.03.2013
2. കത്ത് നം. എ1-1065/2017 താലൂക്ക് ആശുപത്രി ഫോർട്ട് തീയതി 09.10.2017

**ഉത്തരവ് നം. ഇ.എ1-2861(1)/17/ആ.വ.ഡ തീയതി 12.10.2017**

പരാമർശം (1) പ്രകാരം, തിരുവനന്തപുരം ഫോർട്ട് സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രിയായി ഉയർത്തി സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ ഉൾപ്പെടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ ഓർത്തോ വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തിക സൃഷ്ടിച്ചിരുന്നില്ല.

പരാമർശം (2) പ്രകാരം, ഫോർട്ട് താലൂക്ക് ആശുപത്രിയിൽ ഓർത്തോ വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തിക നിലവിൽ വന്നതിന്റെ ഉത്തരവുകളൊന്നും ലഭ്യമല്ലായെന്ന് സൂപ്രണ്ട് അറിയിച്ചിരിക്കുന്നു.

ആയതിനാൽ ഫോർട്ട് താലൂക്ക് ആശുപത്രിയിലെ അനുവദിക്കപ്പെടാത്ത ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ) തസ്തികയിൽ ജോലി നോക്കി വരുന്ന ഡോ. അനീഷ്. എൻ- നെ **തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ** നിലവിലുള്ള ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ) തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

• ഡോ. അനീഷ്.എൻ- നെ എത്രയും പെട്ടെന്ന് വിടുതൽ ചെയ്ത് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. അനീഷ്.എൻ, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ), താലൂക്ക് ആശുപത്രി ഫോർട്ട്, തിരുവനന്തപുരം

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി / ഫോർട്ട് താലൂക്ക് ആശുപത്രി തിരുവനന്തപുരം
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

0359243

GOVERNMENT OF KERALA